## ആമുഖം

സമാനതകളില്ലാത്ത ഒരു മഹാവ്യാധിയുടെ പിടിയിലാണ് ഇന്ന് മനുഷ്യജനത .ഇതിനെതിരായി ഒറ്റക്കെട്ടായി പോരാടുകയായാണ് നമ്മുടെ രാജ്യവും ഈ ലോകജനതയും .ഏഷ്യയിലെ തന്നെ ഏറ്റവും വലിയ വനിതാകൂട്ടായ്മയായ കുടുംബശ്രീ പ്രസ്ഥാനത്തിന്റെ അടിത്തറ എന്ന് പറയുന്നത് അയൽക്കൂട്ടങ്ങളാണ്. covid 19പ്രതിരോധത്തിന്റെ ഭാഗമായി സംസ്ഥാനമൊട്ടാകെ ലോക്ക് ഡൌൺ നിലനിൽക്കുമ്പോൾ മറ്റുള്ളവർക്ക് കൈത്താങ്ങാവുകയാണ് കുടുംബശ്രീ .സംസ്ഥാനത്തെ എല്ലാ സിഡ്സ് കളെയും പോലെ കുട്ടമ്പുഴയുടേയും ഈ സമയത്തെ പ്രവർത്തനങ്ങൾ മികവുറ്റതായിരുന്നു

എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിൽ സ്ഥിതി ചെയ്യുന്നകുട്ടമ്പുഴ ഗ്രാമപഞ്ചായത് വിസ്തൃതിയി ൽഏറെ മുന്നിലാണ് . പഞ്ചായത്തിലെഭൂരിഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന പ്രദേശമാണ്. ഇടുക്കി ജില്ലയോട് ചേർന്ന് സ്ഥിതി ചെയ്യുന്ന എറണാകുളം ജില്ലയുടെ കിഴക്കു ഭാഗം കൂടിയാണ് പഞ്ചായത് .ജില്ലയിലെ മറ്റു പഞ്ചാത്തുകളിൽ നിന്ന് കുട്ടമ്പുഴക്കുള്ള ഏറ്റവും വലിയ പ്രത്യേകതയാണ് ഇവിടത്തെ 19 ഊരുകളിലായി വസിക്കുന്ന ആദിവാസി കുടുംബങ്ങളും അവരുടെ സംസകാരങ്ങളും ആചാരങ്ങളും .വിനോദസഞ്ചാരകേന്ദ്രങ്ങളായ ഭൂതത്താൻകെട്ട്, തട്ടേക്കാട്, ഇഞ്ചത്തൊട്ടി എന്നീ സ്ഥലങ്ങൾ പഞ്ചായത്തിൻറെ മാറ്റുകൂട്ടുന്നു.പഞ്ചായത്തിലെ വലിയൊരു ജനവിഭാഗവും കൃഷിയെയും കൂലിവേലയെയും ആശ്രയിച്ചു കഴിയുന്നവരാണ്.

CDS ചെയർപേഴ്സൺ ശ്രീമതി ആനന്ദവല്ലി ശ്രീധരന്റെ അധ്യക്ഷതയിലാണ് അയൽക്കൂട്ടപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് . സിഡ്സ് ന്റെ കീഴിൽ 260 ജനറൽ,70 എസ്ടി ,7 എസ് സി അയൽക്കൂട്ടങ്ങളും കൂടാതെ 9 വയോജന അയൽക്കൂട്ടങ്ങളും 4 സ്പെഷ്യൽ അയൽക്കൂട്ടങ്ങളുമാണ് പ്രവർത്തിച്ചു വരുന്നത്.കുടുംബശ്രീയുടെ എല്ലാ മേഖലയിലും സിഡ്സ് മികച്ച

പ്രവർത്തനങ്ങൾ നടത്തിവരുന്നു , സിഡ്സ്ന്റെ നേതൃത്വത്തിൽ 122 ME യൂണിറ്റുകളും,138 JLG യൂണിറ്റുകളുമാണ് രൂപീകരിച്ചിട്ടുള്ളത്.പഞ്ചായത്തിലെ 385 അഗതി കുടുംബങ്ങൾക്ക് സേവനങ്ങൾ നൽകി വരുന്നു .DDUGKY പദ്ധതിയുടെ കീഴിൽ ഈ സാമ്പത്തിക വർഷം 28 വിദ്യാർഥികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചു.

**കോവിഡ് പ്രവർത്തനങ്ങൾ**

ഭൂമിയിലെ മനുഷ്യരാശിയെ മുൾമുനയിൽ നിർത്തിയ മഹാമാരിയായി കോവിഡ് 19 മാറിയ സാഹചര്യത്തിൽ പകച്ചുനിൽക്കുന്നതിനു പകരം അയൽക്കൂട്ടങ്ങൾ നാടത്തിയ പ്രവർത്തനങ്ങൾ എടുത്തു പറയേണ്ടത് തന്നെയാണ്

- **കമ്മ്യൂണിറ്റി കിച്ചൻ** - ലോക്കഡൗൺന്റെ പശ്ചാത്തലത്തിൽ ഭക്ഷണസാധനങ്ങൾക്ക് ബുദ്ധിമുട്ട് നേരിടേണ്ടി വന്നപ്പോൾ പഞ്ചയായതിന്റെ കിച്ചൻ പ്രവർത്തനങ്ങൾക്ക് പൂർണ്ണ പിന്തുണയുമായി അംഗങ്ങളെല്ലാവരും സഹകരിക്കുകയും മാർച്ച് 27 മുതൽ ഏപ്രിൽ 13 വരെ നടന്ന ഭക്ഷ്യശാലയിൽ സേവമനുഷ്ഠിക്കുകയും ചെയ്തത് കുടുംബശ്രീ അംഗങ്ങൾ തന്നെയാണ് എന്ന കാര്യം അഭിമാനം നൽകുന്നു .ജെൽജിയൂണിറ്റുകളിൽ നിന്ന് 3500 രൂപയുടെ പച്ചക്കറികൾ കമ്മ്യൂണിറ്റി കിച്ചണിലേക്കു നല്കാൻ സാധിച്ചു . ഇതിന്റെപ്രയോജനംഅഗതികുടുംബങ്ങൾ, അതിഥി തൊഴിലാളികൾ,പാലിയേറ്റിവ് രോഗികൾ അങ്ങനെയുള്ളവരുടെയെല്ലാം പട്ടിണി മാറ്റാൻ സഹായകമായി .



- **ജനകീയഹോട്ടൽ**-ഏപ്രിൽ 14 മുതൽ പ്രവർത്തിച്ചു വരുന്ന ഹോട്ടലിൽ നിന്ന് ശരാശരി 50 ഊണുകൾ ദിനംപ്രതി വിറ്റുപോകുന്നുന്നുണ്ട്.




- കുടുംബശ്രീ സംരംഭമായ ജെ എസ് ഫുഡ് പ്രോഡക്ക്ടസ് മാസ്കുകൾ നിർമിച്ചു ജില്ലാമിഷൻ സിഡ്സ് , ബാങ്കുകൾ, അയൽക്കൂട്ടങ്ങൽ എന്നിവിടങ്ങളിലേക്ക് നൽകി




- ജില്ലാമിഷൻറ്നെ നേതൃത്വത്തിൽ നടത്തിയ 60 വയസ്സ് പൂർത്തിയായ DFK ഗുണഭോക്താക്കളുടെ വിവരശേഖരം വളരെയധികം മനഃസംതൃപ്തി നൽകിയതും അങ്ങേയറ്റം ചാരിതാർഥ്യം നല്കുന്നതുമായിരുന്നു.
- ജീവിതശൈലി രോഗങ്ങൾ മൂലം ബുദ്ധിമുട്ടുന്നവർക്കും മറ്റും ലോക്കഡോൺ കാലയളവിൽ PHC വഴി മരുന്നുകൾ എത്തിച്ചു കൊടുക്കുവാനും സാധിച്ചു

- 385 DFK കുടുംബങ്ങൾക്ക് ADS വഴി ഭക്ഷ്യധാന്യകിട് വീട്ടിലെത്തിച്ചു കൊടുക്കുകയാണ് ചെയ്തത്.



- പഞ്ചായത്തിൽ കാൻസർ രോഗിയായ ഒരാൾക്ക് തിരുവനന്തപുരത്തെ ഹോസ്പിറ്റലിൽ നിന്ന് ഫയർ ഫോഴ്സ് സഹായത്തോടെ മരുന്ന് എത്തിച്ചു കൊടുത്തു.കൂടാതെ സ്നേഹിതയുടെ ഇടപെടൽ വഴി വൃക്ക രോഗിയായ മറ്റൊരു വ്യക്തിക്ക് കാസര്കോടുനിന്നു മരുന്ന് കൊണ്ട് വന്നു എത്തിക്കാനും അവർക്കു സാധിച്ചു
- ജില്ലാമിഷന്റെ നേതൃത്വത്തിൽ നടത്തിയ SYBER അരങ്, എന്റെ മണ്ണ് എന്റെ പച്ചക്കറി ,പുതുജീവനം ,ജാക്ഫ്രൂട് ചലഞ്ജ്, ബാലസഭ കുട്ടികൾക്ക് വേണ്ടിയുള്ള മത്സരങ്ങളിൽ അംഗങ്ങൾ സജ്ജീവമായി തന്നെ പങ്കെടുത്തു,.



- മുഖ്യമന്ത്രിയുടെ സഹായഹസ്തം(കോവിഡ് ലോൺ ) പദ്ധതിയിലുൾപ്പെടുത്തി 261 അയൽക്കൂട്ടങ്ങളുടെ അപേക്ഷകൾ ബാങ്കിൽ സമർപ്പിച്ചുട്ടുള്ളതാണ്.
- **മത്സ്യകൃഷി** -ട്രൈബൽ മേഖലയിൽ എടുത്തു പറയാവുന്ന ഒരു സംരംഭമാണിത് .30 പട്ടികവർഗ്ഗവനിതകൾ 2019 JULY 18 നു തുടക്കമിട്ട ഈ സംരംഭം ലോക്കഡോൺ കാലയളവിൽ മികച്ച ഒരു ഉപജീവനമാർഗമായി മാറിയിരിക്കുകയാണിവിടെ .ഫാമുകളിൽ നിന്നുജില്ലാമിഷന്റെ സഹായത്തോടെ മത്സ്യക്കുഞ്ഞുങ്ങളെ എത്തിച്ചു കൊടുത്തുകൊണ്ടാണ് ഈ പ്രവർത്തനനം തുടങ്ങിയത് .കൂടാതെ എല്ലാ പിന്തുണയും മിഷനിൽ നിന്ന് കീട്ടിയപ്പോൾ മറ്റു സംരംഭങ്ങൾ ബുദ്ധിമുട്ടനുഭവിക്കുന്ന ഈ സമയത്തു ഈ വനിതകളുടെ മത്സ്യകൃഷിയുടെ മറ്റു കൂട്ടുന്നത്



കുടുംബങ്ങൾക്ക് താങ്ങായി

കുട്ടമ്പുഴയിൽ വീട്ടമ്മമാരുടെ മത്സ്യകൃഷി

മിന്നു വേണുഗോപാൽ
കൊച്ചി

ലോക്ക്ഡൗൺ കാലത്ത് മത്സ്യകൃഷിയിൽ വിജയംനേടി കുടുംബത്തിന് താങ്ങായ കഥയാണ് കുട്ടമ്പുഴയിലെ മുപ്പത് വീട്ടമ്മമാർക്ക് പറയാനുള്ളത്. വരുമാന മാർഗമെല്ലാം അടഞ്ഞ കുട്ടമ്പുഴ പഞ്ചായത്തിലെ പട്ടികവർഗ വിഭാഗത്തിലെ മുപ്പതോളം കുടുംബങ്ങളെ കൊറോണക്കാലത്ത് സംരക്ഷിച്ചത് വീട്ടമ്മമാരുടെ അധ്വാനമാണ്.

കഴിഞ്ഞ വർഷം അവസാനം ആരംഭിച്ച മത്സ്യകൃഷി ഇപ്പോഴും ഇവർക്ക് ഉപജീവന മാർഗവും നാടിനുതന്നെ ഉപയോഗപ്രദവുമായി മാറുകയായിരുന്നു. മറ്റൊരു സമയത്തും ലഭിക്കാതിരുന്ന ആദായമാണ് ഇക്കാലയളവിൽ മത്സ്യകൃഷിയിൽനിന്ന് ലഭിച്ചത്.

കുളം കുഴിച്ചതും വിളവെടുത്തതും സ്ത്രീകൾ

: ആറ് കുളങ്ങളിലായാണ് മത്സ്യകൃഷി നടത്തിയത്. അഞ്ചെണ്ണം കൃത്രിമമായി നിർമിച്ചതാണ്. കുളം കുഴിച്ചതും ബാക്കി പണികളും ചെയ്തതും ഒക്കെ സ്ത്രീകൾതന്നെ. ഇവരുടെ പുരയിടങ്ങളിലാണ് കുളം കുഴിച്ചത്. 2019 അവസാനമാണ് ഇതിന്റെ പ്രവർത്തനങ്ങൾ തുടങ്ങിയത്. കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ പഞ്ചായത്തിലെ 30 പട്ടികവർഗ വനിതകളുടെ നേതൃത്വത്തിൽ ആറ് യൂണിറ്റുകളിലാണ് മത്സ്യകൃഷി നടത്തിയത്.

ഫാമുകൾ വഴി മീൻ കുഞ്ഞുങ്ങളെ കുടുംബശ്രീ ജില്ലാ മിഷൻ എത്തിച്ചുനൽകി. പുരയിടങ്ങളിൽ നിർമിച്ച കുളങ്ങളിലേക്ക് കാട്ടിലെ അരുവിയിൽനിന്നാണ് ജലം എത്തിച്ചത്. അതിലാണ് മത്സ്യകൃഷി ചെയ്തത്. ആദ്യഘട്ട ലോക്ക്ഡൗൺ പ്രഖ്യാപിച്ചതിനു പിന്നാലെതന്നെ നല്ല വിളവെടുപ്പ് കിട്ടിത്തുടങ്ങി. ശുദ്ധമായ ജലത്തിൽ വളർന്ന മത്സ്യമായതിനാൽ നൂറുശതമാനം വിഷരഹിതമാണെന്ന് ഉറപ്പുവരുത്തിയാണ് വില്പന നടത്തിയത്.

സാമൂഹിക അകലം പാലിച്ച് സർക്കാർ നിർദേശം പൂർണമായി അനുസരിച്ചായിരുന്നു വില്പന. രാസ വസ്തുക്കൾ ഇല്ലാത്ത മീനിന് ആവശ്യക്കാരേറെയുണ്ടായിരുന്നു എന്ന് കുടുംബശ്രീ ജില്ലാ പ്രോഗ്രാം മാനേജർ (ട്രൈബൽ വിഭാഗം) പൊന്നി കണ്ണൻ പറയുന്നു. കുടുംബശ്രീ യൂണിറ്റുകൾ വഴിയാണ് വില്പന നടത്തിയത്. സമന്വയ, പൊന്നൂസ്, നക്ഷത്ര യൂണിറ്റുകളിൽനിന്നാണ് കൂടുതൽ മത്സ്യം വിറ്റുപോയത്. ഇനിയും വിളവെടുക്കാനുണ്ട്. 30 സ്ത്രീകൾക്കും മത്സ്യ വില്പനയിൽനിന്ന് നല്ല ആദായം കിട്ടി. ലോക്ക്ഡൗൺ പിൻവലിച്ചതിനു ശേഷവും മത്സ്യകൃഷി സജീവമാക്കാനാണ് ഉദ്ദേശ്യം.

കുട്ടമ്പുഴയിലെ വീട്ടമ്മമാർ നടത്തിയ മത്സ്യകൃഷി. വിളവെടുപ്പിനു ശേഷം

- ട്രൈബൽ മേഖലയിലെ വിവിധ ഊരുകളിൽ അവരുടെ ഭാഷയിൽ കോവിടുമായി ബന്ധപ്പെട്ട അറിയിപ്പുകളും സുരക്ഷാമാർഗങ്ങള് സ്വീകരിക്കുവാനുള്ള കാര്യങ്ങളുമറിയിച്ചു കൊടുത്തിട്ടുണ്ട്
- പഞ്ചായത്തിന്റെ നേതൃത്വത്തിൽ മാസ്കുകൾ നിർമിച്ചു കുടുംബശ്രീ അംഗങ്ങൾ ഊരുകൾ എത്തിച്ചു നൽകുകയും ചെയ്തു.
- പ്രളയം ബാധിച്ച അയൽക്കൂട്ടങ്ങൾക്കുള്ള ഇന്ററർ സബ്സിഡി ലഭ്യമാക്കാൻ സാധിച്ചത് അംഗങ്ങൾക്ക് വളരെയധികം ആശ്വസം നൽകി

ഇങ്ങനെയൊക്കെ യാണെങ്കിലും ആശങ്കകളും വെല്ലുവിളികളും നിരവധിയുണ്ട് .ഉറിയംപെട്ടി , വാരിയം ,തേര ,തലവെച്ചപാറ, കുഞ്ഞിപ്പാറ, മാമലക്കണ്ടം ,മെറ്റനമ്പറ, താലുകണ്ടം തുടങ്ങിയ ആദിവാസി ഊരുകളിൽ അയൽക്കൂട്ടാപ്രവർത്തനം ദുഷ്കരം തന്നെയാണ്. ഇവിടങ്ങളിൽ ഫോൺ , ഇന്ററർനെറ്റ് മക്ക്ഷൻ എത്തിപ്പെടാത്തതുമൂലം ഊരുആശമാർ നെറ്റ്വർക്കിനു കീഴിൽ വരുമ്പോൾ മാത്രമാണ് വിവരങ്ങൾ ലഭിക്കുകയുള്ളൂ.ഏതൊരു പ്രതിസന്ധി കാലത്തും സാമൂഹ്യസേവനം മാത്രം മുന്നിൽ കണ്ടുകൊണ്ടു സദാപ്രവർത്തസജ്ജരായ നമ്മുടെ കുടുംബശ്രീ പ്രവർത്തകർ ഇന്ന് ലോകത്തിനുതന്നെ മാതൃകയാവുകയാണ് .എത്രയൊക്കെ ബുദ്ധിമുട്ടുകൾ നേരിട്ടാലും ഈ കാലത്തെയും അതിജീവിക്കാനുംനേരിടാനും കഴിയുമെന്ന ശുഭപ്രതീക്ഷയോടെ ഇവർ ഇന്നും സേവനങ്ങൾ തുടരുന്നു

തയ്യാറാക്കിയത്

ബ്ലോക്ക് കോഓർഡിനേറ്റർ (SD & DDUGKY)

**ധന്യ T S**